# മലയാളി മറക്കുന്ന പാള

**ലളിതമ്മ ശിവമഠം**

കറി വയ്ക്കാൻ ഒന്നുമില്ലാതിരുന്ന ഒരു ദിവസം അപ്രതീക്ഷിതമായി വീട്ടിലെത്തിയ വിരുന്നുകാരെ 'പാളത്തീയല്' ഉണ്ടാക്കി ഊട്ടി വിട്ട കഥ ഒരമ്മൂമ്മ കൂടെക്കൂടെ പറയാറുണ്ട്. പാള ചെറുതായി അരിഞ്ഞ് ഉള്ളിയും പച്ചമുളകും വഴറ്റിയിട്ട് തേങ്ങ വറുത്തരച്ചാണത്രെ അമ്മൂമ്മ പാളത്തീയലുണ്ടാക്കിയത്.

പണ്ട് സ്ത്രീയ്ക്ക് 'മാസം തികയും'മുമ്പേ കരുതി വയ്ക്കുന്ന പ്രധാനപ്പെട്ട വസ്തുവാണ് പാള. നട്ടു കഴിഞ്ഞ വലിയ ആൺ പാളയാണ് ഇതിനായി കണ്ടെത്തുന്നത്. കുഞ്ഞിനെ ഏറിയസമയവും പാളയിലാണ് കിടത്തുക. കുഞ്ഞിനെ എണ്ണ തേപ്പിച്ച് പാളയിൽ കിടത്തും. പാണലിലയും ഭ്രന്തച്ചെടയനും മുഞ്ഞയുമിട്ട് ഇളവെയിലത്തു വയ്ക്കുന്ന വെള്ളം കായും വരെ കുഞ്ഞ് കൈകാലിളക്കി കളിച്ച് പാളയിൽ കിടന്നുകൊള്ളും.

എത്രനേരം പാളയിൽ കിടന്നാലും കുഞ്ഞിന് ശാരീരികാസ്വാസ്ഥ്യങ്ങൾ ഉണ്ടാകാറില്ലെന്നു തന്നെയല്ല, കുഞ്ഞിന്റെ ശരീരവടിവിനെ നേരായവിധത്തിൽ നിലനിർത്താനും അതു സഹായിക്കും. കളികഴിഞ്ഞാൽ ഈ 'ബാത്ത് ടബ്ബ്' തുണി കഴുകാൻ കൊണ്ടുപോകുന്ന 'ബേസിനു'മാകും. കഴുകിയ തുണി ഉണക്കാൻ കൊണ്ടുവരുന്നതും ഈ പാളയിൽത്തന്നെ. പഴന്തുണി മടക്കി ചെറിയ മെത്തയുണ്ടാക്കി പാളയിൽ വെച്ച് അതിലാണ് കുഞ്ഞിനെ ഉറക്കുന്നത്. അമ്മയുടെ കിടക്കയും വസ്ത്രങ്ങളും നനയ്ക്കാതെ അമ്മയുടെ അടുത്തുതന്നെ വയ്ക്കാവുന്ന ഈ കൊച്ചുകിടക്കയിൽ കുഞ്ഞ് സുരക്ഷിതനായി ഇരിക്കുകയും ചെയ്യും.

കമുകിൻ പൂക്കുലയുടെ ആവരണമായ കുമ്പാള ഒരു കാലത്തു ചെയ്തിരുന്ന സേവനം മറക്കാവതല്ല. കുമ്പാളയുടെ മൃദുവായ, ഇളം മഞ്ഞനിറമുള്ള ഭാഗം ചീന്തിയെടുത്തു പാകത്തിനു മുറിച്ച് ഒറ്റം പിന്നിയോ പിരിച്ചോ വെച്ച് ഏറ്റവും ശുദ്ധമായ കൗപീനം സാധുക്കളായ കുട്ടികളും ചിലപ്പോൾ മുതിർന്നവരും ധരിച്ചിരുന്നു.

കവുങ്ങിൻതണ്ടോടുകൂടിയ പാളയിൽ കുട്ടികൾ വലിച്ച് കളിക്കുന്നത് നാട്ടിൻപുറത്തെ സ്ഥിരം കാഴ്ചയായിരുന്നു. ഒരു കുട്ടി പാളയിൽ പിടിച്ചിരിക്കുമ്പോൾ മറ്റൊരു കുട്ടി തണ്ടങ്ങിൻതണ്ടിൽ പിടിച്ചുവലിച്ചു കൊണ്ടുപോകും. ഇത്ര ചെലവുകുറഞ്ഞതും എളുപ്പമുണ്ടാക്കിയെടുക്കാവുന്നതുമായ വേറൊരു കളിവണ്ടിയുണ്ടോ ആവോ! മുച്ചാടൻ സൈക്കിളൊന്നുമില്ലാതിരുന്ന അക്കാലത്ത് ഈ പാളസവാരി കുട്ടികൾ വളരെ ഇഷ്ടപ്പെട്ടിരുന്നു.

വറവുകാലമായാൽ ഞങ്ങളുടെ കുന്നിൻപുറത്തെ കിണറുകളൊക്കെ വറ്റും. മലയടിവാരത്തുള്ള 'ഓലി' എന്ന ചെറുകിണറുകളാണ് പിന്നെ ശരണം. വർഷം തോറും ഓലിയുടെ ഉപഭോക്താക്കൾ സഹകരിച്ച് അത് വൃത്തിയാക്കും. ഒരൊറ്റ വീട്ടുകാർ പോലും ഈ ശ്രമദാനത്തിൽ നിന്നും വിട്ടുനിൽക്കില്ല. ഓലി തേകാനും വെള്ളം കോരാനും വെള്ളം വീട്ടിൽ കൊണ്ടുപോകാനും പാളയാണുപയോഗിക്കുക. വെള്ളത്തിൽ കുതിർത്ത പാള രണ്ടായി മടക്കി, ഈർക്കിലികൊണ്ട് വശങ്ങൾ തയ്ച്ച്, വഴുകകൊണ്ട് പിടിയുമിട്ടാൽ വെള്ളം കോരിക്കൊണ്ടു പോകാനുള്ള പാളയായി. കുതിർത്ത പാള അകവശം പുറത്താക്കി

## നാട്ടറിവ്

ഒരു പ്രത്യേക രീതിയിൽ തുന്നി വായ്ക്കൽ ചിരട്ട വച്ചടച്ച് കഴുത്ത് ഇറക്കി കെട്ടി അകത്ത് ഉമി കുത്തിനിറച്ച് വീർപ്പിച്ചെടുക്കുന്ന പാളയാണ് 'കട്ടോപ്പാള'. ഭരണിയുടെ ഒട്ടുമിക്ക ഉപയോഗവും ഇതുകൊണ്ടു നടക്കും. കൊണ്ടാട്ടങ്ങൾ, അവിലുകപ്പ, ഉപ്പേരിക്കപ്പ, കുരുമുളക്, മഞ്ഞൾ, ചുക്ക്, അരി, പുളി ഇവയെല്ലാം എത്രനാൾ വേണമെങ്കിലും കേടുകൂടാതെ ഈ 'അരീപ്പാളയിൽ' സൂക്ഷിക്കാൻ കഴിഞ്ഞിരുന്നു. കോഴഞ്ചേരി ചന്തയിൽ ചെന്നാൽ പാളയ്ക്കകത്തു വിൽക്കാൻ വച്ചിരിക്കുന്ന 'പാളത്തൈരു' കാണാം. തിരുവാറന്മുളയപ്പന്റെ വള്ളസദ്യ നടക്കുമ്പോൾ വള്ളക്കാർ ആവശ്യപ്പെടുന്ന അപൂർവ്വ വസ്തുക്കളിലൊന്നാണ് ഈ 'പാളത്തൈര്'. അതുകൊണ്ട് വള്ളസദ്യയ്ക്ക് പാളത്തൈര് നിർബന്ധമായും കരുതിയിരിക്കുകയും ചെയ്യും.

അരകല്ലിനും ആട്ടുകല്ലിലും അരയ്ക്കുമ്പോൾ പാളമുറികൊണ്ടാണ് നീക്കിയിട്ടിരുന്നത്. പുരമെഴുകമ്പോൾ വടിക്കാനും തൊഴുത്തു വൃത്തിയാക്കാനും പാളമുറിയാണുപയോഗിക്കുന്നത്.

കൃഷിയുമായി ബന്ധപ്പെട്ടായിരിക്കണം പാള ഏറ്റവുമധികം ഉപയോഗിച്ചിരുന്നത്. പാള കോണാകൃതിയിൽ കുത്തി മുമ്പോട്ടൊരു പിടിയും വച്ച കുമ്പൻ തൊപ്പിവച്ചാണ് ഞങ്ങളുടെ പ്രിയപ്പെട്ട ചാത്തൻ പുലയനും അഴകൻ പുലയനും പാടത്തു പണിതിരുന്നത്. ദീർഘചതുരാകൃതിയിലുള്ള ഒരു തരം പാളത്തൊപ്പിയും അന്നു പ്രചാരത്തിലുണ്ടായിരുന്നു. അതിന്റെ വശങ്ങൾ ചെവി മൂടത്തക്കവിധം വിശറി പോലെ വിടർന്നുനിന്നിരുന്നു. വെയിലിൽ നിന്നും മഴയിൽ നിന്നും തലയെ രക്ഷിച്ചിരുന്ന ഈ പാളത്തൊപ്പികൾക്കുള്ളിൽ കൃഷിക്കാരുടെ വിലപിടിച്ച രേഖകളും പണവും മുറുക്കാനും ബീഡിയുമൊക്കെ സുരക്ഷിതമായി സൂക്ഷിച്ചു പോന്നിരുന്നു. പിന്നീട് ഈ തൊപ്പിപ്പാളയെ രാഷ്ട്രീയവൽക്കരിച്ചതും കുട്ടനാട്ടിൽ ഇ. ജോൺ ജേക്കബ് തൊപ്പിപ്പാള സമരം നടത്തിയതുമെല്ലാം നമുക്കറിവുള്ളതാണല്ലോ. മൂന്നുനാലു വലിയ പാളകൾ ചേർത്തു തുന്നി 'ചൂട്ടുപാള'യുണ്ടാക്കി അത് ചൂടിനിന്നാണ് ചെറുമികൾ പാടത്തെ പണികൾ ചെയ്തിരുന്നത്.